**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1551** **19-01-2021 - ൽ മറുപടിയ്ക്ക്**

**തരിശുരഹിത ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ടി. ബൽറാം | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | തരിശുരഹിത ഗ്രാമം പദ്ധതിയുടെ വിശദാംശം നൽകുമോ; | (എ) | ഒരു തദ്ദേശ സ്വയംഭരണ സ്ഥാപന (ഗ്രാമപഞ്ചായത്ത്) പരിധിയിൽ വരുന്ന കൃഷിയോഗ്യമായ എല്ലാ ഭൂമിയിലും അനുയോജ്യമായ വിള കൃഷി ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം .ഇതിനായി ആകെ തരിശ് ഭൂമി തിട്ടപ്പെടുത്തുകയും സാധ്യമായ സ്ഥലത്തെല്ലാം അനുയോജ്യമായ വിള കൃഷിയിറക്കി തരിശുരഹിതഗ്രാമമായി പ്രഖ്യാപനം നടത്തുകയാണ് ചെയ്യുന്നത്. ഇതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യ വികസനത്തിനും സംഭരണത്തിനും വിപണനത്തിനും മൂല്യവർദ്ധനവിനും തുടർ കൃഷിയ്ക്കുമുള്ള പരിപാടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൃഷിവകുപ്പിന്റെയും അനുബന്ധ വകുപ്പുകളുടെയും ഏജൻസികളുടെയും സഹകരണത്തോടെയാണ് നടപ്പിലാക്കി വരുന്നത്. |
| (ബി) | തരിശായി കിടക്കുന്ന നെൽപാടങ്ങളിൽ കൃഷി ചെയ്യുന്ന കർഷകർക്ക് കൃഷിവകുപ്പ് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നത്; | (ബി) | തരിശു ഭൂമിയിൽ നെൽ കൃഷി ചെയ്യുന്നതിനു തുടർച്ചയായി മൂന്നു വർഷം ആനുകൂല്യം നൽകും. ഒന്നാം വർഷം ഹെക്ടറിനു 40000/- രൂപയും, രണ്ടാം വർഷം 7000/- രൂപയും മൂന്നാം വർഷം 4500/- രൂപയും ധനസഹായമായി നൽകുന്നതാണ്. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ചു നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 35000/- രൂപയും ഭൂവുടമയ്ക്ക് 5000/- രൂപയും നൽകും. രണ്ടാം വർഷം ഇതു യഥാക്രമം 5800/- രൂപയും 1200/- രൂപയും ; മൂന്നാം വർഷം 3750/- രൂപയും 750/- രൂപയും ആണ്. ഇതിനുപുറമെ നെൽകൃഷിക്ക് മറ്റു കർഷകർക്കനുവദിക്കുന്ന സാധാരണ ആനുകൂല്യങ്ങൾ കൂടി അനുവദിക്കാറുണ്ട് ഇതു കൂടാതെ സുഭിക്ഷ കേരളം പദ്ധതിയിൽ തരിശുനില കൃഷിയ്ക്ക് ആദ്യവർഷം ഹെക്ടറിന് 40000 രൂപ നിരക്കിൽ ആനുകൂല്യം നൽകുന്നുണ്ട്. |
| (സി) | നിലവിൽ സംസ്ഥാനത്ത് എത്ര | (സി) | നിലവിൽ 87 തരിശുരഹിത ഗ്രാമങ്ങൾ |

| | | | |
|---|---|---|---|
| | തരിശുരഹിതഗ്രാമങ്ങൾ ഉണ്ട്; അതിന്റെ എണ്ണം കൂട്ടുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്? | | പ്രഖ്യാപിച്ചിട്ടുണ്ട്. തരിശുരഹിത ഗ്രാമങ്ങളുടെ എണ്ണം കൂട്ടുന്നതിന് ഹരിത കേരള മിഷനും കൃഷി വകുപ്പും സംയുക്തമായി തരിശുരഹിത ഗ്രാമം ക്യാമ്പയിൻ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ